# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6014 04.11.2016- ൽ മറുപടിക്ക്

## വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി.സി.കെ. ആശ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ആഫീസുകളിൽ 1972-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത് എന്നുള്ളതും ആയത് അപര്യാപ്തവുമാണെന്നതും കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് തത്കാലം നിറുത്തി വച്ചിട്ടുള്ളതും റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) ഭൂമി സംബന്ധമായി തർക്കങ്ങളിൽ വില്ലേജ് ആഫീസർക്ക് തീരുമാനമെടുക്കാനുള്ള അധികാരമുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് പ്രസ്തുത അധികാരങ്ങളെന്ന് അറിയിക്കുമോ; | (ബി) സർക്കാർ വക ഭൂമികളിൽ അനധികൃത കൈയ്യേറ്റം ഉണ്ടാകാതെ സൂക്ഷിക്കുകയും കൈയ്യേറ്റമുണ്ടായാൽ വിവരം യഥാസമയം തഹസിൽദാർക്ക് റിപ്പോർട്ട് ചെയ്ത് ടിയാന്റെ നിർദ്ദേശാനുസരണം കൈയ്യേറ്റക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും, സ്ഥാവര വസ്തുക്കളെ സംബന്ധിച്ചുള്ള കേസുകളിൽ സിവിൽ കോടതിയിൽ നിന്നും നിയമിക്കുന്ന കമ്മീഷന് തഹസിൽദാരുടെ നിർദ്ദേശാനുസരണം വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്യുന്നുണ്ട്. വില്ലേജ് ഓഫീസറെ റിസീവറായി കോടതി നിയമിക്കുന്ന കേസുകളിൽ ടി സ്ഥലം കോടതിയ്ക്ക് വേണ്ടി സംരക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വില്ലേജ് അതിർത്തികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് സുതാര്യവും സുവ്യക്തവും പൂർണ്ണവുമായ ഭൂരേഖകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വില്ലേജുകൾ രൂപീകരിച്ച സമയത്ത് എല്ലാ വില്ലേജുകൾക്കും അതിർത്തികൾ ക്രമീകരിച്ചിട്ടുണ്ട്. വില്ലേജുകളുടെ അതിർത്തികൾ പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച് ജനപ്രതിനിധികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**